


Sponsored by:

**QATAR INDIAN ISLAHI CENTRE**
PO Box No. 18307, Doha - Qatar
Tel: +9744358739, Fax: +9744416422
email: info@islahiqatar.org, www.islahiqatar.org

ഇസ്‌ലാം എന്ന പദം സൽമ് (സമാധാനം) എന്ന ധാതുവിൽ നിന്നുള്ളതാണ്. ഭാഷാതത്വപ്രകാരം അതിന്റെ അർഥം 'സമാധാനം നൽകൽ' എന്നോ 'സമാധാനമുളവാക്കൽ' എന്നോ ആണ്. പ്രപഞ്ചനാഥന് ജീവിതത്തെ സമർപ്പിക്കുന്നത് അഥവാ അവന്റെ ഹിതത്തിന് ജീവിതത്തെ വിധേയമാക്കുന്നത് ഇഹപര സമാധാനത്തിന് വഴിയൊരുക്കും എന്നതിനാലാണ് ഒരു മത സാങ്കേതിക ശബ്ദം എന്ന നിലയിൽ ഇസ്‌ലാം എന്ന പദം 'സമർപ്പണം' എന്ന അർഥത്തിൽ പ്രയോഗിക്കുന്നത്. ദൈവത്തിന്റെ ഗുണനാമങ്ങളിലൊന്ന് 'സലാം' എന്നാണ്. സമാധാനം അഥവാ സമാധാനസ്രോതസ്സ് എന്നർഥം. ഓരോ നമസ്കാരത്തിന് ശേഷവും സത്യവിശ്വാസികൾ 'അല്ലാഹുവേ, നീയാകുന്നു സമാധാനം. നിന്റെ പക്കൽ നിന്നാകുന്നു സമാധാനം' എന്നർഥമുള്ള കീർത്തനം ചൊല്ലുന്നു. 'അസ്സലാമു അലൈക്കും' എന്ന അഭിവാദനം സമാധാനത്തിനുള്ള ഇസ്‌ലാമിക പ്രതിബദ്ധതയെകുറിക്കുന്നു. ഈ അഭിവാദനം സാർവത്രികമാക്കണമെന്നും അറിയുന്നവർക്കും അറിയാത്തവർക്കുമെല്ലാം സമാധാനമാശംസിക്കണമെന്നും പ്രവാചകൻ പഠിപ്പിച്ചിട്ടുണ്ട്. തങ്ങളോട് ആരെങ്കിലും വിവേകരഹിതമായി സംസാരിച്ചാൽ പരമകാരുണിക



നായ ദൈവത്തിന്റെ ദാസന്മാർ പ്രതികരിക്കേണ്ടത് സലാം അഥവാ സമാധാനം എന്ന വാക്കു കൊണ്ടായിരിക്കണമെന്ന് വിശുദ്ധഖുർആനിലെ 25:63 സൂക്തം നിർദേശിക്കുന്നു.

ഈമാൻ എന്ന പദം 'അംന്' എന്ന ശബ്ദ ധാതുവിൽ നിന്ന് നിഷ്പാദിതമാണ്. സുരക്ഷ എന്നും നിർഭയത്വം എന്നുമാണ് 'അംനി'ന്റെ അർഥം. ഭാഷാതത്വപ്രകാരം ഈമാനിന്റെ അർഥം സുരക്ഷ നൽകൽ അഥവാ നിർഭയത്വമുളവാക്കൽ എന്നാണ്. ഇതിന്റെ ക്രിയാരൂപമായ 'ആമന' എന്ന പദം ഖുർആനിലെ 106:4 സൂക്തത്തിൽ പ്രയോഗിച്ചിട്ടുള്ളത് 'ഭയം നീക്കി സുരക്ഷാബോധം നല്കി' എന്ന അർഥത്തിലാണ്. ദൈവത്തിൽ ഉറച്ചു വിശ്വസിക്കുന്ന വ്യക്തി മറ്റെല്ലാവരെയും സംബന്ധിച്ച ഭയത്തിൽ നിന്ന് മുക്തനാകുന്നു എന്നതിനാലാണ് സുരക്ഷ നല്കൽ എന്നർഥമുള്ള 'ഈമാൻ' എന്ന പദം സത്യവിശ്വാസം എന്ന അർഥത്തിലുള്ള മതസാങ്കേതിക ശബ്ദമായത്. തന്നോട് സംവാദം നടത്തിയ ജനങ്ങളോട്, സത്യവിശ്വാസത്തെ സുരക്ഷാബോധവുമായി ബന്ധപ്പെടുത്തി ഇബ്റാഹീം നബി(അ) സംസാരിച്ചത് ഖുർആനിലെ 6:81,82 സൂക്തങ്ങളിൽ കാണാം.

ഖുർആനിൽ പ്രാധാന്യപൂർവം നിർദേശിക്കുന്ന മറ്റൊരു കാര്യമാണ് ഇസ്‌ലാഹ്. ഈ പദം നന്മ യുണ്ടാക്കൽ, അനുരഞ്ജനം, കുഴപ്പം ഒഴിവാക്കൽ എന്നീ അർഥങ്ങളെ കുറിക്കുന്നു. 7:56, 7:85 സൂക്തങ്ങളിൽ ഭൂമിയിൽ 'ഇസ്‌ലാഹ്' ഉണ്ടായതിന് ശേഷം നിങ്ങൾ കുഴപ്പമുണ്ടാകരുത് എന്നു വിലക്കുന്നു. 'ഇസ്‌ലാഹ്' ഉണ്ടാക്കുന്ന ആൾക്ക് അഥവാ നന്മയും അനുരഞ്ജനവും ഉളവാക്കുന്നവന് 'മുസ്‌ലിഹ്' എന്ന് പറയുന്നു. ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്ന ആൾ താൻ 'മുസ്‌ലിഹാ'ണെന്ന് ഭാവിക്കുകയോ വാദിക്കുകയോ ചെയ്തതുകൊണ്ട് കാര്യമില്ലെന്ന് 2:11,12 സൂക്തങ്ങൾ വ്യക്തമാക്കുന്നു. സ്വയം നശിക്കുന്നതോടൊപ്പം വിവേചനമന്യെ ആർക്കൊക്കെയോ നാശം വരുത്തുകയും ചെയ്യുന്ന ചാവേറ് ആക്രമണം 'ഇഫ്സാദ്' അഥവാ കുഴപ്പമുണ്ടാക്കൽ എന്ന വകുപ്പിലാണ് ഉൾപ്പെടുക. ഇസ്‌ലാം, ഈമാൻ, ഇസ്‌ലാഹ് എന്നീ പദങ്ങളുടെ പൊരുളിന് നേർവിപരീതമാകുന്നു അത്.

ജിഹാദ് എന്ന പദത്തിന് യുദ്ധമെന്നോ ആക്രമണമെന്നോ അർഥമില്ല. അധ്വാനം, ക്ലേശം എന്നൊക്കെ അർഥമുള്ള 'ജഹ്ദ്' എന്ന പദമോ, കഴിവെന്നും ശക്തിയെന്നും അർഥമുള്ള 'ജുഹ്ദ്' എന്ന പദമോ ആണ് 'ജിഹാദി'ന്റെ ശബ്ദധാതു.



എതിർപ്പുകളെയും പ്രയാസങ്ങളെയും തരണം ചെയ്തുകൊണ്ട് പരമാവധി പ്രയത്നിക്കുക എന്നോ പരമാവധി കഴിവ് വിനിയോഗിക്കുക എന്നോ ആണ് ഭാഷാതത്വപ്രകാരം ജിഹാദ് എന്ന പദത്തിന്റെ അർഥം To Strive എന്നതാണ് ഏറ്റവും അനുയോജ്യമായ ഇംഗ്ലീഷ് തർജമ.

ഇസ്‌ലാമിൽ വളരെ പ്രാധാന്യമുള്ള കാര്യമാണ് ജിഹാദ്. "അതല്ല, നിങ്ങളിൽ നിന്ന് ജിഹാദിൽ ഏർപ്പെട്ടവരെയും ക്ഷമാശീലരെയും അല്ലാഹു തിരിച്ചറിഞ്ഞിട്ടല്ലാതെ നിങ്ങൾക്ക് സ്വർഗത്തിൽ പ്രവേശിച്ചുകളയാമെന്ന് നിങ്ങൾ കരുതിയിരിക്കയാണോ?" (3:142) എന്ന ഖുർആൻ സൂക്തം സ്വർഗപ്രവേശത്തിന് ജിഹാദ് അനിവാര്യമാണെന്ന് വ്യക്തമാക്കുന്നു. ദൈവത്തിലും പ്രവാചകരിലും വിശ്വസിക്കണം എന്നു പറഞ്ഞ ഉടനെ ദൈവമാർഗത്തിൽ ജിഹാദ് ചെയ്യണമെന്നത്രെ 61:11 സൂക്തത്തിൽ നിർദ്ദേശിക്കുന്നത്. നബിയുടെ മക്കാജീവിതകാലത്ത് തന്നെ ഖുർആനിലൂടെ ജിഹാദിന് കല്പിക്കപ്പെട്ടിട്ടുണ്ട്. ആക്രമണങ്ങൾ നേരിട്ടാൽ തികഞ്ഞ ക്ഷമ അവലംബിക്കണമെന്നായിരുന്നു മക്കയിലെ സത്യവിശ്വാസികളെ പ്രവാചകൻ പഠിപ്പിച്ചിരുന്നത്. അതിനാൽ ആ കാലത്ത് അനുശാസിക്കപ്പെട്ട ജിഹാദ് സായുധ പോരാട്ടമല്ലെന്ന കാര്യം



സുവിദിതമാകുന്നു.

മക്കാ ജീവിതകാലത്ത് അവതരിപ്പിക്കപ്പെട്ട 25:52 ഖുർആൻ സൂക്തത്തിൽ ഇപ്രകാരം കാണാം: "അതിനാൽ സത്യനിഷേധികളെ നീ അനുസരിക്കരുത്. ഈ ഖുർആൻ കൊണ്ട് അവരോട് വലിയൊരു ജിഹാദ് നടത്തിക്കൊള്ളുക." ഇവിടെ നിർദേശിക്കപ്പെട്ട ജിഹാദ് ശരിയായ ആദർശവും ധർമവും എന്തെന്ന് ഖുർആൻ സൂക്തങ്ങളിലൂടെ വ്യക്തമാക്കിക്കൊടുക്കുകയും തൽസംബന്ധമായ സംശയങ്ങൾ തീർത്തുകൊടുക്കുകയും വിമർശനങ്ങൾക്ക് മറുപടി നല്കുകയുമാകുന്നു. വിശുദ്ധഖുർആനിൽ 'വലിയ ജിഹാദ്' എന്ന വിശേഷണം 25:52 സൂക്തത്തിൽ മാത്രമേ ഉള്ളൂ എന്ന കാര്യം ശ്രദ്ധേയമാകുന്നു. ആദർശബോധവത്കരണവുമായി ബന്ധപ്പെട്ട ഊർജിതശ്രമമാണ് വലിയ ജിഹാദെന്ന് ഇതിൽ നിന്ന് ഗ്രഹിക്കാം.

മദീനാ ജീവിതകാലത്ത് അതായത് മക്കയിൽ നിന്ന് പലായനം ചെയ്ത് നബിയും അനുചരന്മാരും മദീനയിൽ താമസമുറപ്പിച്ച ശേഷമാണ് സത്യവിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ മാത്രം പീഡിപ്പിക്കപ്പെട്ടിരുന്ന മുസ്‌ലിംകൾക്ക് ആത്മരക്ഷാർഥം ശത്രുക്കളോട് പൊരുതാൻ ആദ്യമായി അനുവാദം നല്കപ്പെട്ടത്. സ്വയം



പ്രതിരോധിക്കാൻ വേണ്ടിയുള്ള ഈ പോരാട്ടവും ജിഹാദിന്റെ വകുപ്പുകളിൽപെട്ടതാണ്. കാരണം, ഇത് ഖുർആൻ പ്രബോധനരംഗത്ത് അനിവാര്യമായിത്തീരുന്ന ഊർജിത ശ്രമത്തിന്റെ ഭാഗമാണല്ലോ. എന്നാൽ ഈ പോരാട്ടത്തെക്കുറിക്കാൻ പല ഖുർആൻ സൂക്തങ്ങളിലും 'ഖിതാൽ' (യുദ്ധം) എന്ന പദവും അതുമായി ബന്ധപ്പെട്ട ക്രിയാരൂപങ്ങളുമാണ് പ്രയോഗിച്ചിട്ടുള്ളത്.

വിശുദ്ധഖുർആനിലെ 22:39,40 സൂക്തങ്ങളിലൂടെയാണ് മർദിതരായ വിശ്വാസികൾക്ക് ആത്മരക്ഷയ്ക്കുവേണ്ടി പൊരുതാൻ ആദ്യമായി അനുവാദം നല്കപ്പെട്ടത്. ആ സൂക്തങ്ങളുടെ ആശയം ഇപ്രകാരം വായിക്കാം: "യുദ്ധത്തിനിരയാകുന്നവർക്ക്, അവർ മർദിതരായതിനാൽ (തിരിച്ചടിക്കാൻ) അനുവാദം നൽകപ്പെട്ടിരിക്കുന്നു. തീർച്ചയായും അല്ലാഹു അവരെ സഹായിക്കാൻ കഴിവുള്ളവൻ തന്നെയാകുന്നു. ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറയുന്നതിന്റെ പേരിൽ മാത്രം, യാതൊരു ന്യായവും കൂടാതെ, തങ്ങളുടെ ഭവനങ്ങളിൽ നിന്ന് പുറത്താക്കപ്പെട്ടവരത്രെ അവർ. മനുഷ്യരിൽ ചിലരെ മറ്റു ചിലരെക്കൊണ്ട് അല്ലാഹു തടുക്കുന്നില്ലായിരുന്നെങ്കിൽ പല സന്യാസിമഠങ്ങളും

ക്രിസ്തീയ ദേവാലയങ്ങളും യഹൂദ ദേവാലയങ്ങളും അല്ലാഹുവിന്റെ നാമം ധാരാളമായി പ്രകീർത്തിക്കപ്പെടുന്ന മസ്ജിദുകളും തകർക്കപ്പെടുമായിരുന്നു. തന്നെ സഹായിക്കുന്നതാരോ അവനെ തീർച്ചയായും അല്ലാഹു സഹായിക്കും. തീർച്ചയായും അല്ലാഹു ശക്തനും പ്രതാപിയും തന്നെയാകുന്നു.”

മർദിക്കപ്പെടുകയും അന്യായമായി തുരത്തിയോടിക്കപ്പെടുകയും യുദ്ധത്തിനിരയാവുകയും ചെയ്യുന്നവർക്ക് ആത്മരക്ഷാർഥം പൊരുതാനുള്ള അവകാശം മാനുഷികമായ ഒരു അനിവാര്യതയാണ്. ആത്മരക്ഷയ്ക്ക് വേണ്ടി, പൊരുതാൻ കഴിയുമെങ്കിൽ പൊരുതുകയോ അല്ലെങ്കിൽ ഓടി രക്ഷപ്പെടുകയോ ചെയ്യുക എന്നത് ജൈവ പ്രകൃതിയാകുന്നു. കേന്ദ്ര നാഡീവ്യൂഹത്തിന്റെയും അതുമായി ബന്ധപ്പെട്ട ചില ഗ്രന്ഥികളുടെയും സ്വാഭാവിക പ്രവർത്തനത്തിന്റെ ഫലമത്രെ അത്. പരമകാരുണികനായ രക്ഷിതാവ് സത്യവിശ്വാസികൾക്ക് സ്വരക്ഷയ്ക്ക് വേണ്ടി പൊരുതുക എന്ന ജൈവ ധർമം നിർവഹിക്കാൻ അനുവാദം നൽകിയതിൽ അസ്വാഭാവികമായി യാതൊന്നുമില്ല. എല്ലാ വിഭാഗക്കാരുടെയും ദേവാലയങ്ങൾക്ക് സംരക്ഷണം നല്കൽ ദൈവത്തിന്റെ പ്രതിരോ



ധപദ്ധതിയുടെ താൽപര്യമാണെന്നും 22:40 സൂക്തത്തിൽ നിന്ന് വ്യക്തമാകുന്നു.

അനുവാദത്തിനുപരിയായി ആക്രമണകാരികളായ ശത്രുക്കളോട് പൊരുതണമെന്ന് കർശനമായി കൽപിക്കുന്ന സൂക്തങ്ങളും വിശുദ്ധഖുർആനിലുണ്ട്. എന്നാൽ മുസ്ലിംകളിലും അമുസ്ലിംകളിലും പെട്ട ചിലർ തെറ്റിദ്ധരിച്ചിട്ടുള്ളതുപോലെ സകല അവിശ്വാസികളെയും ആക്രമിക്കണമെന്നോ വധിക്കണമെന്നോ ഖുർആനിൽ കല്പിച്ചിട്ടില്ല. 2:190 സൂക്തത്തിൽ പറയുന്നത് നോക്കുക: ‘‘നിങ്ങൾക്കെതിരെ യുദ്ധം ചെയ്യുന്നവരോട് അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. നിങ്ങൾ അതിരുകവിയരുത്. അതിരു കവിയുന്നവരെ അല്ലാഹു തീർച്ചയായും ഇഷ്ടപ്പെടുകയില്ല”. ആക്രമണം നടത്തുന്നവരോ അതിന് തക്കം പാർത്തിരിക്കുന്നവരോ അല്ലാത്ത ആർക്കെതിരിലും യുദ്ധം ചെയ്യാൻ പാടില്ല എന്നത്രെ ‘അതിരുകവിയരുത്’ എന്ന വാക്കിൽ നിന്ന് ഗ്രഹിക്കാവുന്നത്. യുദ്ധത്തിനിടയിൽപോലും വൃദ്ധരെയും സ്ത്രീകളെയും കുട്ടികളെയും ആക്രമിക്കാൻ പാടില്ലെന്ന് നബി (സ) പഠിപ്പിച്ചിട്ടുണ്ട്.

ഇതും അതിരു കവിയരുത് എന്ന വിലക്കിന്റെ താൽപര്യം തന്നെ. 2:191 സൂക്തത്തിൽ ‘കണ്ടുമു



ട്ടുന്നേടത്ത്വെച്ച് നിങ്ങൾ അവരെ കൊന്നുകളയുകയും അവർ നിങ്ങളെ പുറത്താക്കിയേടത്തുനിന്ന് നിങ്ങൾ അവരെ പുറത്താക്കുകയും ചെയ്യുക’ എന്ന് നിർദ്ദേശിച്ചത് യുദ്ധരംഗത്ത് ഏറ്റുമുട്ടുന്നതിനെ സംബന്ധിച്ചുതന്നെയാണെന്നും അതിരു കവിയരുത് അഥവാ ആക്രമണകാരികളെയല്ലാതെ ആക്രമിക്കരുത് എന്ന നിർദേശത്തിന് വിധേയമായിത്തന്നെയാണെന്നും സൂക്ഷ്മദൃക്കുകൾക്ക് ഗ്രഹിക്കാം. 2:193 സൂക്തത്തിലാണെങ്കിൽ ഇങ്ങനെ കാണാം: “എന്നാൽ അവർ (യുദ്ധത്തിൽ നിന്ന്) വിരമിക്കുകയാണെങ്കിൽ അക്രമികൾക്കെതിരിലല്ലാതെ പിന്നീട് യാതൊരു കൈയേറ്റവും പാടില്ല.”

ശത്രുക്കളെ നേരിടാൻ സർവശക്തിയും സമാഹരിക്കണമെന്ന് ആഹ്വാനം ചെയ്യുന്ന 8:60 സൂക്തത്തിനു ശേഷം 8:61ൽ ഇങ്ങനെ കാണാം: “ഇനി അവർ സമാധാനത്തിലേക്ക് ചായ്‌വ് കാണിക്കുകയാണെങ്കിൽ നീയും അതിലേക്ക് ചായ്‌വ് കാണിക്കുക. അല്ലാഹുവിന്റെ മേൽ ഭരമേല്പിക്കുകയും ചെയ്യുക. അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.” സമാധാന നീക്കത്തെ ശത്രുക്കൾ ദുരുപയോഗപ്പെടുത്തുമോ എന്ന് ആശങ്കിക്കേണ്ടതില്ലെന്നത്രെ ഈ സൂക്തത്തിന്റെ സൂചന.



സമാധാനക്കരാർ ലംഘിച്ച ശത്രുക്കൾക്കെതിരിൽ കർശനമായ പ്രഖ്യാപനങ്ങൾ ഉൾക്കൊള്ളുന്ന ഒമ്പതാം അധ്യായത്തിലും സമാധാനത്തോടുള്ള ഇസ്ലാമിന്റെ ആഭിമുഖ്യം വ്യക്തമാക്കുന്ന സൂക്തങ്ങളുണ്ട്.

‘‘എന്നാൽ ബഹുദൈവവിശ്വാസികളുടെ കൂട്ടത്തിൽ നിന്ന് നിങ്ങൾ കരാറിലേർപ്പെടുകയും എന്നിട്ട് നിങ്ങളോട് (അത് പാലിക്കുന്നതിൽ) യാതൊരു ന്യൂനതയും വരുത്താതിരിക്കുകയും നിങ്ങൾക്കെതിരിൽ ആർക്കും സഹായം നല്കാതിരിക്കുകയും ചെയ്തവർ അതിൽ നിന്നും ഒഴിവാണ്. അപ്പോൾ അവരോടുള്ള കരാർ അവരുടെ കാലാവധി വരെ നിങ്ങൾ നിറവേറ്റുക. തീർച്ചയായും അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു.” (9:4)

“ബഹുദൈവ വിശ്വാസികളിൽ വല്ലവനും നിന്റെ അടുക്കൽ അഭയം തേടിവന്നാൽ അല്ലാഹുവിന്റെ വചനം അവൻ കേട്ടു ഗ്രഹിക്കാൻ വേണ്ടി അവന് അഭയം നല്കുക. എന്നിട്ട് അവന് സുരക്ഷിതത്വമുള്ള സ്ഥാനത്ത് അവനെ എത്തിച്ചുകൊടുക്കുകയും ചെയ്യുക. അവർ അറിവില്ലാത്ത ഒരു ജനവിഭാഗമാണ് എന്നതുകൊണ്ടാണത്” (9:6)

“എന്നാൽ അവർ നിങ്ങളോട് ശരിയായി വർത്തിക്കുന്നേടത്തോളം നിങ്ങൾ അവരോടും ശരിയായി വർത്തിക്കുക. തീർച്ചയായും അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു.” (9:7)

എന്നാൽ 9:29 സൂക്തത്തിന്റെ അടിസ്ഥാനത്തിൽ ചില പണ്ഡിതന്മാർ ഇസ്‌ലാമിന്റെ അന്തിമമായ വിധി, ജിസ്‌യ നല്കി മുസ്‌ലിംകൾക്ക് കീഴ്പെട്ട് ജീവിക്കാൻ സന്നദ്ധരല്ലാത്ത സകല അവിശ്വാസികളോടും യുദ്ധം ചെയ്യണമെന്നാണെന്ന് വാദിച്ചിട്ടുണ്ട്. എന്നാൽ അവരുടെ അഭിപ്രായം 9-ാം അധ്യായത്തിൽ നിന്ന് തന്നെ മുകളിൽ ഉദ്ധരിച്ച സൂക്തങ്ങളോടും ഖുർആനിലെ മറ്റനേകം സൂക്തങ്ങളോടും വിയോജിക്കുന്നതത്രെ. മക്കാവിജയവേളയിൽ മുഴുവൻ ശത്രുക്കൾക്കും നബി(സ) നിരുപാധികമായി മാപ്പ് നല്കിയ സംഭവം ഇസ്‌ലാമിക ചരിത്രം അറിയാവുന്ന എല്ലാവർക്കും സുപരിചിതമാണ്. അതിന് ശേഷം യുദ്ധവും സമാധാനവും സംബന്ധിച്ച ഇസ്‌ലാമിക നിയമങ്ങൾ അല്ലാഹുവോ നബിയോ ഭേദഗതി ചെയ്തിട്ടുണ്ടെന്ന് പറയാൻ അനിഷേധ്യമായ യാതൊരു തെളിവിന്റെയും പിൻബലമില്ല. 9:29 സൂക്തത്തിൽ വേദക്കാരെ സംബന്ധിച്ച് മാത്രം പറഞ്ഞിട്ടുള്ളതിനാൽ അത് ഒരു പൊതുവായ വിധിയാണെന്ന് കരുതാവുന്നതല്ല.



വേദക്കാരുമായി താരതമ്യേന മെച്ചപ്പെട്ട ബന്ധം പുലർത്താനാണ് ഇസ്‌ലാം പഠിപ്പിക്കുന്നതെങ്കിലും അവർ മുസ്‌ലിംകളെ ആക്രമിക്കുന്ന പക്ഷം അവർക്കെതിരിലും പ്രതിരോധയുദ്ധത്തിലേർപ്പെടുക തന്നെ വേണമെന്ന് അനുശാസിക്കുകയാണ് 9:29 സൂക്തത്തിലൂടെ ചെയ്യുന്നത് എന്നത്രെ എല്ലാ സൂക്തങ്ങളും മൊത്തമായി വിശകലനം ചെയ്യുമ്പോൾ മനസ്സിലാക്കാവുന്നത്.

അക്രമത്തിന്റെ ദൂഷിതവലയം ഭേദിക്കാൻ കഴിയണമെങ്കിൽ ഏതെങ്കിലുമൊരു വിഭാഗം നിരുപാധികം വിട്ടുവീഴ്ച ചെയ്യണം. ഹുദൈബിയയിൽ ശത്രുക്കളുടെ പിടിവാശികൾക്ക് വഴങ്ങിക്കൊണ്ട് അങ്ങേയറ്റത്തെ വിട്ടുവീഴ്ചയോടെ അവരുമായി സമാധാന സന്ധിയിൽ തിരുനബി ഏർപ്പെട്ടതും, മുമ്പ് പറഞ്ഞതുപോലെ നിർണായക വിജയം നേടി മക്കയിൽ പ്രവേശിച്ച സന്ദർഭത്തിൽ മുഴുവൻ ശത്രുക്കൾക്കും അവിടുന്ന് മാപ്പ് നല്കിയതും ഇസ്‌ലാം എപ്പോഴും സമാധാനമാണ് കൊതിക്കുന്നത് എന്നതിന് അനിഷേധ്യമായ തെളിവുകളാകുന്നു. മുസ്‌ലിം- അമുസ്‌ലിം ബന്ധത്തിന്റെ മാനദണ്ഡം സംശയാതീതമായി തെളിയിക്കുന്നതത്രെ താഴെ ചേർക്കുന്ന ഖുർആൻ സൂക്തം:



“മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങൾ അവർക്ക് നന്മ ചെയ്യുന്നതും നിങ്ങൾ അവരോട് നീതിപാലിക്കുന്നതും അല്ലാഹു നിങ്ങളോട് വിലക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതിപാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു.” (60:8)




# THE TRUTH

**Centre for Divine Education**

**Markazuda'wa, Kandamkulam**

**Kozhikode-2, Kerala, India**

**Phone: 0495 2701812, Fax: 0495 2703870**

**email: mailusthetruth@gmail.com**